## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 786** 27/04/2017-ൽ മറുപടിക്ക്

## റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ്

**ചോദ്യം** **മറുപടി**

**ശ്രീ.സി.ദിവാകരൻ**

**ശ്രീ.ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | ഉണ്ട്. |
| (ബി) | റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ പുരോഗതിക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | ലാറ്റക്സ് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കമ്പനി പ്രത്യേക പരിഗണന നൽകിയതിന്റെ ഭാഗമായി റബ്ബർ പാൽ ഉൽപ്പാദനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ റബ്ബർ പ്ലാന്റേഷനുകളിൽ ഒന്നാം സ്ഥാനം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. വിക്രം സാരാഭായി സ്പേസ് സെന്ററിലേക്കായി റോക്കറ്റ് കേസ് ഇൻസുലേഷൻ ഷീറ്റുകളും (Rocasin) ഉൽപ്പാദിപ്പിച്ച് നൽകുക, അത്യുൽപ്പാദന ശേഷിയുള്ള റബ്ബർ ഇനങ്ങളായ RRII 105, RRII 414, RRII 430 തുടങ്ങിയവയുടെ തൈകൾ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുക, കൃഷിയിൽ വൈവിധ്യവൽക്കരണം നടത്തുക എന്നിവ പ്രായോഗികമാക്കിയിട്ടുണ്ട്. |

കൂടാതെ താഴെപ്പറയുന്ന മേഖലകളിൽ കമ്പനി കൺസൽട്ടൻസി സേവനങ്ങൾ നൽകുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

1) റബ്ബർ പ്ളാന്റേഷനുകൾക്കനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കൽ,
2) റബ്ബർ നേഴ്സറികളുടെ രൂപീകരണവും തൈകളുടെ ഉൽപ്പാദനവും,
3) തൈ വെയ്ക്കലിന്റെ മുന്നൊരുക്കങ്ങൾ,
4) റബ്ബർ പ്ലാന്റേഷനുകളുടെ രൂപീകരണം, സ്ഥാപനം, നടത്തിപ്പ് തുടങ്ങിയവ,
5) ടാപ്പിംഗ് പരിശീലനം / പ്രവർത്തനം, റബ്ബർ സംസ്കരണവും വിപണനവും.

**സെക്ഷൻ ഓഫീസർ**